റിവർ മാനേജ്മെന്റ് ഫണ്ടിൽ സ്വരൂപിച്ചിട്ടുള്ള തുക

115 [2184] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ 2004 മാർച്ച് 31 വരെ സ്വരൂപിച്ചിട്ടുള്ള തുകയുടെ വിശദാംശം പറയാമോ;

(ബി) ഈ തുകയിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും, ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) 2004-05 സാമ്പത്തിക വർഷം ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ തയ്യാറാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഇപ്പോൾ അവ ഏത് ഘട്ടത്തിലാണെന്നും പറയാമോ?

ഉത്തരം

(എ) 41,85,45,016 രൂപ.

(ബി) തിരുവനന്തപുരം ജില്ലയിൽ അനധികൃത മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള റെയ്ഡുകളും മറ്റും നടത്തുന്നതിലേക്കായി 17,264 രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. പത്തനംതിട്ട ജില്ലയിൽ നദീതീരങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ, സംരക്ഷണ ഭിത്തി കെട്ടൽ, അനധികൃത മണൽകടത്ത് തടയുന്നതിനായി അനധികൃത വള്ളങ്ങളും മറ്റും പൂട്ടിയ വകയിൽ 54,18,833 രൂപ ചെലവഴിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ സ്കാഡ് പ്രവർത്തനം, പാസ് പ്രിന്റിംഗ്, സെമിനാർ, യാത്രപ്പടി മുതലായവയ്ക്ക് ആകെ 7,98,126 രൂപ ചെലവഴിച്ചു.

തൃശൂർ ജില്ലയിൽ ഭാരതപ്പുഴയുടെ പോഷക നദിയായ ഗായത്രിപുഴയുടെ തീര സംരക്ഷണത്തിനായി 4,47,137 രൂപ ചെലവഴിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ മണൽ സ്പെഷ്യൽ സ്കാഡ് വാഹനങ്ങളുടെ ഇന്ധന ചെലവുകൾക്കായി 2,02,300 രൂപ.

വയനാട് ജില്ലയിൽ അനധികൃത മണൽഖനനം തടയുന്നതിനുള്ള വാഹനങ്ങളുടെ ഇന്ധന ചെലവ്, വിദഗ്ദ്ധ സമിതി യോഗനടത്തിപ്പ് ചെലവ് എന്നിവയ്ക്കായി 1,19,975 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 1,61,12,000 രൂപയുടെ 16 പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിൽ കടവുകളിലെ ഇടിഞ്ഞുപോയ നദീതീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി 16 പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് സാങ്കേതികാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിൽ ഭരണാനുമതി ലഭിച്ച നദീതീര സംരക്ഷണപദ്ധതികൾ ചെയ്തുവരുന്നു. തുടർന്ന് വീണ്ടും സമർപ്പിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിലെ ഉത്തരപ്പള്ളി കടവ്, സാരംഗ കടവ്, മടത്തിൽ കടവ് എന്നിവയുടെ സംരക്ഷണത്തിനായി ഭരണാനുമതി നൽകിയത് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കോട്ടയം ജില്ലയിൽ നദീതീര വികസന പദ്ധതികൾക്കായി 18,89,780 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ആകെ 41,70,000 രൂപയുടെ 8 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ 2,93,20,000 രൂപയ്ക്കുള്ള 56 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

തൃശൂർ ജില്ലയിൽ നദീതീരസംരക്ഷണ പദ്ധതികൾക്കായി 4,14,74,000 രൂപയുടെ 60 പദ്ധതികൾക്ക് ഭരണാനുമതി നൽകി.

പാലക്കാട് ജില്ലയിൽ 65,48,744 രൂപയുടെ 6 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ 1,21,00,000 രൂപയുടെ 33 പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ബാക്കിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയ 57 പദ്ധതികൾ (5,93,12,000 രൂപ) നടപ്പിലാക്കാനുള്ള ജോലികൾ പുരോഗമിക്കുന്നു.

വയനാട് ജില്ലയിൽ 60,00,000 രൂപയുടെ കടവ്. സംരക്ഷണ പദ്ധതികൾക്കായി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതുമൂലം പദ്ധതി നടപ്പിൽവരുത്തിയിട്ടില്ല.

കണ്ണൂർ ജില്ലയിൽ 10 കടവുകളിൽ കരഭിത്തി കെട്ടുന്നതിന് നിർമ്മാണ പ്രവർത്തി തുടങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. (48,50,000 രൂപ).

കാസർഗോഡ് ജില്ലയിൽ 5 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly